പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .5064** — **06.02.2014-ൽ മറുപടിയ്ക്ക്**

**<u>തോട്ടപ്പള്ളി ഹാർബർ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ജി. സുധാകരൻ** | | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | തോട്ടപ്പള്ളി ഹാർബർ ബേസിനി ലെയും അപ്രോച്ച് ചാനലിലെയും സാന്റ്ബാർ നീക്കം ചെയ്യുന്ന പ്രവൃ ത്തിയ്ക്ക് ഭരണാനുമതി നൽകിയി ട്ടുണ്ടോ; എങ്കിൽ ഭരണാനുമതി യുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ ബേസിനിലേയും, അപ്രോച്ച് ചാനലിലേയും സാന്റ് ബാർ നീക്കം ചെയ്യുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമെന്ന് വ്യക്ത മാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിഹിതം 50% വീതമാണ്. |
| (സി) | പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് നീക്കം ചെയ്യുന്നതിന് 52 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയതിനെ തുടർന്ന് ഡ്രെഡ്ജിംഗ് പ്രവൃത്തി ഏർപ്പാടാക്കി പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രെഡ്ജിംഗ് നടന്നു വരവേ ടി തുറമുഖത്തിന്റെ അപ്രോച്ച് ചാനലിലും ബേസിനിലും ക്രമാതീതമായി മണ്ണ് അടിഞ്ഞു കൂടുകയും, അധികമായി അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്യുന്നതിന് 2.3076392 കോടി രൂപയുടെ (0.52 + 1.7876392) പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തിയുടെ 75% അധികത്തിലുള്ള ദർഘാസ് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ടെണ്ടർ അംഗീകാരം നൽകിക്കഴിഞ്ഞു മാത്രമേ കരാറിൽ ഏർപ്പെട്ടു പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളു. |

| | | | |
|---|---|---|---|
| (ഡി) | ഇവിടെനിന്നും നീക്കം ചെയ്യുന്ന മണൽ എന്തു ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഡ്രെഡ്ജ് ചെയ്തു കിട്ടുന്ന മണൽ തെക്കേ പുലിമുട്ടിന്റെ തെക്ക് ഭാഗത്ത് നിക്ഷേപിയ്ക്കുകയും പിന്നീട് ദർഘാസ് ക്ഷണിച്ച് വിൽപ്പന നടത്തുവാനും ആണ് ഉദ്ദേശിക്കുന്നത്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**